**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **30-06-2022 - ൽ മറുപടിയ്ക്ക്**

**ശിരുവാണിയിലെ എക്കോട്ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ശിരുവാണിയിൽ വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി എക്കോട്ടൂറിസം പ്രോജക്റ്റ് നടപ്പിലാക്കിയിരുന്നോ; എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നു; | (എ) | ശിരുവാണി ഇക്കോട്ടൂറിസം കേന്ദ്രത്തിൽ വനസംരക്ഷണ സമിതിയുടെ പങ്കാളിത്തത്തോടുകൂടി കേരളമേട്, ശിരുവാണി ഡാം എന്നിവിടങ്ങളിൽ സന്ദർശകർക്ക് പ്രവേശനം നൽകിയിരുന്നു. ഇതോടൊപ്പം വനസംരക്ഷണ സമിതി അംഗങ്ങൾ ശേഖരിക്കുന്ന വന ഉൽപ്പന്നങ്ങൾ ശിരുവാണി ഇക്കോ ഷോപ്പിലൂടെ വിൽപ്പന നടത്തിയിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ ശിരുവാണി ഇക്കോ ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതായി തീർന്നതിനാൽ നിലവിൽ ടി കേന്ദ്രം പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ